തൃശ്ശൂർ ജില്ല വിദ്യാഭ്യാസ ആഫീസറുടെ നടപടി ക്രമം.
(ഹാജർ : സുലോചന എ.കെ )

വിഷയം:- പൊ.വി-"ജൈവ വൈവിധ്യം വിദ്യാലയങ്ങളിൽ" വാർഷിക പദ്ധതി 2019-20 തുക അനുവദിച്ച് ഉത്തരവാകുന്നു.

സൂചന:- ഉത്തരവ് നം. എച്ച്4-13668/2019 തിയതി 01.08.2019 ഡി.ഡി.ഇ തൃശൂർ
*******

**ഉത്തരവ് നം. എ6/4903/19 തീയതി: 06/12/2019**

വിദ്യാലയത്തിന് ചുറ്റുമുളള ജൈവ വൈവിധ്യത്തെകൂറിച്ച് അറിയുന്നതിനും അതിനെ സംരക്ഷിക്കുന്നതിനും ഉളള താല്പര്യം വിദ്യാർത്ഥികളിൽ വളർത്തുന്നതിന് പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുളള അവബോധം കുട്ടികളിൽ ഉണർത്തുന്നതിനും ലക്ഷ്യമാക്കികൊണ്ട് ആരംഭിച്ചിട്ടുളള പദ്ധതിയാണ് "ജൈവ വൈവിധ്യ ഉദ്യാനം വിദ്യാലയങ്ങളിൽ" എന്നത്. ഇതിന്റെ നടത്തിപ്പിലേക്കായി താഴെ പറയുന്ന സ്കൂളുകൾക്ക് 10,000/-രൂപ വീതം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് |
|---|---|
| 1 | സി.എൻ.എൻ.ബി.എച്ച്.എസ്. ചേർപ്പ് |
| 2 | ജി.എച്ച്.എസ്. മണലൂർ |
| 3 | ജെ.പി.ഇ.എച്ച്.എസ്.എസ്. കൂർക്കഞ്ചേരി |
| 4 | എച്ച്.എസ്. പൂമല |
| 5 | സി.എം.എസ്.എച്ച്.എസ്. തൃശൂർ. |
| 6 | ടി.പി.എസ്.എച്ച്.എസ്.എസ്. തൃക്കൂർ |
| 7 | എ.പി.എച്ച്.എസ്. അളഗപ്പനഗർ |
| 8 | മാത എച്ച്.എസ്. മണ്ണംപേട്ട |
| 9 | ഇൻഫെന്റ് ജീസസ് എച്ച്.എസ്. അരണാട്ടുകര |
| 10 | ശാന്ത എച്ച്.എസ്. അവണൂർ |

ഈ തുക താഴെ പറയും വിധം ഉപയോഗിക്കേണ്ടതാണ്.

1) നിലമൊരുക്കൽ.
2) വിത്തുകളും, സസ്യങ്ങളും ശേഖരിക്കൽ, സസ്യങ്ങൾ നട്ടുപിടിപ്പിക്കുകയും പരിപാലിക്കുകയും ഭൗതിക സാഹചര്യങ്ങൾ അനുകൂലമാക്കൽ തുടങ്ങിയവ.
3) ഹരിത സമിതി രൂപീകരണം- വിദ്യാലയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ, ജൈവവൈവിധ്യ ഉദ്യാനം.
4) പ്ലാസ്റ്റിക്ക് വിമുക്ത വിദ്യാലയ പ്രവർത്തനങ്ങൾ ആരംഭിക്കൽ, പ്രതിമാസ അവലോകന യോഗങ്ങൾ.

ഈ തുക 2202-02-001-80(പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും പിൻവലിക്കേണ്ടതാണ്. തുക കൈപ്പറ്റിയതുമായി ബന്ധപ്പെട്ട് ധനവിനിയോഗപത്രം (കെ.എഫ്.സി 44)ൽ ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

ജില്ലാ വിദ്യാഭ്യാസ ആഫീസർ,
തൃശ്ശൂർ.

പകർപ്പ്

1) എ2 സെക്ഷൻ.
2) ബന്ധപ്പെട്ട പ്രധാന അദ്ധ്യാപകർ.
3) സ്റ്റോക്ക് ഫയൽ.